"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2402 — 12.03.2020 ൽ മറുപടിയ്ക്ക്

സോളാർ വൈദ്യുതി വേലി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാട്ടാനകൾ നാട്ടിലിറങ്ങി ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ഇവയ്ക്ക് പൂർണമായും നാട്ടിലേക്ക് ഇറങ്ങാൻ കഴിയാത്ത രീതിയിൽ സോളാർ വേലി ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. സൗരോർജ്ജ വേലി, 631 കി.മീ. ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ ജൈവ വേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമീണ മേഖലയും വനഭൂമിയുമായി അതിർത്തി പങ്കിടുന്ന മേഖലകളിൽ പൂർണ്ണമായും ഇത്തരം സംവിധാനങ്ങൾ സജ്ജമാക്കിയിട്ടില്ല. |
| (ബി) | റാന്നി നിയോജക മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരമാണ് ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ഉള്ള വനാതിർത്തി ഉള്ളത്; ഇതിൽ എത്ര കിലോമീറ്റർ ഭാഗം സോളാർ വൈദ്യുതി വേലി കെട്ടിയിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | റാന്നി നിയോജക മണ്ഡലത്തിൽ ആകെ 194 കി. മീറ്റർ വനാതിർത്തിയാണ് ഉള്ളത്. റാന്നി നിയോജക മണ്ഡലത്തിന്റെ വനാതിർത്തികളിലെ ജനവാസ മേഖലകളിൽ വിവിധ ഭാഗങ്ങളിലായി 14.04 കി.മീറ്റർ സോളാർ ഫെൻസിംഗ് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വനാതിർത്തിയിൽ എവിടെയെങ്കിലും കിടങ്ങ് നിർമ്മിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്നും എത്ര ദൂരമെന്നും അറിയിക്കുമോ; | (സി) | ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അവശേഷിക്കുന്ന ഭാഗത്തു കൂടി കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങാതിരിക്കാൻ സോളാർ വേലിയോ കിടങ്ങുകളോ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഓരോ സാമ്പത്തിക വർഷവും വനാതിർത്തിയിലെ വിവിധ ഭാഗങ്ങളിൽ, ഫണ്ട് ലഭ്യത അനുസരിച്ച്, ഫെൻസിംഗ്, കിടങ്ങ് എന്നിവ നിർമ്മിക്കാറുണ്ട്. 2020-21 സാമ്പത്തിക വർഷം വിവിധ സ്കീമുകളിലായി 30 കി.മീറ്റർ സോളാർ ഫെൻസിംഗ് നടത്തുന്നതിനും 5 കിലോമീറ്റർ ദൂരം കിടങ്ങ് നിർമ്മിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ടേഞ്ച്

| ക്രമ നം. | ലൊക്കേഷൻ | റെയിഞ്ച് | ദൂരം (മീറ്റർ) |
|---|---|---|---|
| 1 | കൊടുമുടി | വടശ്ശേരിക്കര | 210 |
| 2 | കുത്താടിമൺ | വടശ്ശേരിക്കര | 220 |
| 3 | വേലുതോട് | വടശ്ശേരിക്കര | 140 |
| 4 | പൂച്ചക്കുളം | വടശ്ശേരിക്കര | 250 |
| 5 | നിലിപിലാവ് | വടശ്ശേരിക്കര | 500 |
| 6 | ഏഴാന്തല | വടശ്ശേരിക്കര | 300 |
| 7 | കൊടുമുടി-വേലുപടി | വടശ്ശേരിക്കര | 1000 |
| 8 | വാലുപ്പടി-ആമക്കുന്ന് | വടശ്ശേരിക്കര | 723 |
| 9 | പ്ലാന്തോട് | ഗൂഡ്രിക്കൽ | 70 |
| 10 | കടവുപുഴ | വടശ്ശേരിക്കര | 70 |
| 11 | പുളിമൂട്ടുകര | വടശ്ശേരിക്കര | 160 |
| 12 | അയ്യാവേലി തെക്കേക്കര | വടശ്ശേരിക്കര | 600 |
| 13 | ആനവളവ്-അഞ്ചുമുക്ക് | വടശ്ശേരിക്കര | 600 |
| 14 | നിലയ്ക്കൽ | ഗൂഡ്രിക്കൽ | 57 |

സെക്ഷൻ ഓഫീസർ